## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1992      04-11-2019 -ൽ മറുപടിക്ക്

## പ്രകൃതിദുരന്തങ്ങളിൽ സഹായിക്കുന്നതിൽ കേന്ദ്രസർക്കാർ നിലപാട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ.മാക്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ കാലയളവിൽ ഉണ്ടായ പ്രളയദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾക്ക് വിധേയരായവരെ സഹായിക്കാനായി കേന്ദ്ര സർക്കാരിനോട് എത്ര തുകയുടെ സഹായമാണ് സംസ്ഥാനസർക്കാർ അഭ്യർത്ഥിച്ചതെന്നും എത്ര തുകയുടെ സഹായം കേന്ദ്ര സർക്കാർ നാളിതുവരെ നല്കി എന്നും വ്യക്തമാക്കുമോ; | എ) | 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 992.5 കോടി രൂപയുടെ ദുരിതാശ്വാസ ധന സഹായം ആവശ്യപ്പെട്ടതിൽ 31.72 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 431 കോടി രൂപയുടെ ദുരിതാശ്വാസ ധന സഹായം ആവശ്യപ്പെട്ടതിൽ 111.7 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ ദുരിതാശ്വാസ ധന സഹായം ആവശ്യപ്പെട്ടതിൽ 2904.85 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. 2019 -ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.881 കോടിയുടെ ദുരിതാശ്വാസ ധന സഹായത്തിനാണ് ആവശ്യപ്പെട്ടത്. ഈ ആവശ്യം കേന്ദ്ര സർക്കാർ പരിഗണനയിൽ ആണ് |
| ബി) | വിദേശരാജ്യങ്ങൾ നൽകുന്ന സാമ്പത്തികസഹായവും പ്രവാസി മലയാളി സഹോദരങ്ങൾ നല്കുന്ന സഹായങ്ങളും വാങ്ങുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിലേക്ക് 18 ഓളം ബാങ്കുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്ക് വേണ്ടി അക്കൗണ്ടുകൾ ആരംഭിയ്ക്കുകയും അനുബന്ധമായി പേയ്മെന്റ് ഗേറ്റ് വേകൾ, മൊബൈൽ ആപ്പ്, മൊബൈൽ വാലറ്റ്, ക്യൂ.ആർ.കോഡ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതുവഴി വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സംഭാവനകൾ വാങ്ങാവുന്നതാണ്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സഹായങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാർ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം തടസ്സങ്ങൾ ഉണ്ടാക്കി; വിശദാംശം വ്യക്തമാക്കാമോ; | സി) & ഡി) | പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതി സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-സാങ്കേതിക സഹായ സഹകരണങ്ങൾ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെയും വിവിധ മന്ത്രിമാരുടെയും നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ടംഗ പ്രതിനിധി സംഘങ്ങൾ പ്രവാസി മലയാളികളുടെ സാന്നിദ്ധ്യം താരതമ്യേന കൂടുതലുള്ള വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിരുന്നു. എന്നാൽ പ്രസ്തുത യാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം തേടിയപ്പോൾ മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉൾപ്പെടുന്ന രണ്ടംഗ സംഘത്തിന് യു.എ.ഇ. സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള യാതൊരുവിധ സഹായവും യു.എ.ഇ. സർക്കാരിനോട് ആവശ്യപ്പെടരുതെന്നും അഥവാ അത്തരത്തിലുള്ള സഹായ വാഗ്ദാനം ലഭിച്ചാൽ സ്വീകരിക്കരുതെന്നും അപ്രകാരമുള്ള വാഗ്ദാനങ്ങളോ സഹായങ്ങളോ ഉണ്ടാവുകയാണെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കണം എന്നുമുള്ള കർശന ഉപാധികളോടെയാണ് പ്രസ്തുത യാത്രാനുമതി മുഖ്യമന്ത്രിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലഭ്യമാക്കിയത്. |
| ഡി) | കേന്ദ്രസർക്കാരിന്റെ തടസ്സങ്ങൾ മാറ്റുവാനായി സംസ്ഥാനസർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കേന്ദ്രം ആയതിന് നടത്തിയ പ്രതികരണങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ